**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **245** **03.02.2020** - ൽ മറുപടിയ്ക്ക്

**<u>ക്യാൻസർ സുരക്ഷാ പദ്ധതി</u>**

<u>ചോദ്യം</u>

ശ്രീ.റ്റി.വി.രാജേഷ്

<u>മറുപടി</u>

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ മന്ത്രി.)

| | | | |
|---|---|---|---|
| (എ) | ക്യാൻസർ സുരക്ഷ പദ്ധതി പ്രകാരം എന്തൊക്കെ സഹായങ്ങളാണ് ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ കുടുംബവാർഷിക വരുമാനം കുറഞ്ഞ ക്യാൻസർ ബാധിതരായ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലൂടെ ക്യാൻസർ രോഗ ചികിത്സ സൗജന്യമായി നൽകി വരുന്നു. നിലവിൽ ഈ പദ്ധതിയിലൂടെ 7092 കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ആശുപത്രികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | 1. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം.<br>2. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം<br>3. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.<br>4. ഐ.എം.സി.എച്ച്. കോഴിക്കോട്.<br>5. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ<br>6. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി. ആലപ്പുഴ.<br>7. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം.<br>8. ഐ.സി.എച്ച്, കോട്ടയം<br>9. കണ്ണൂർ മെഡിക്കൽ കോളേജ്, പരിയാരം. കണ്ണൂർ.<br>10. ഗവ.ജനറൽ ആശുപത്രി, എറണാകുളം.<br>11. ഗവ.മെഡിക്കൽ കോളേജ് ചെസ്റ്റ് ആശുപത്രി, തൃശ്ശൂർ |

| | | | |
|---|---|---|---|
| | | - | 12. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം.<br>13. എസ്.എ.ടി ആശുപത്രി, തിരുവനന്തപുരം. |
| (സി) | ക്യാൻസർ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | 1. 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളായിരിക്കണം.<br>2. ക്യാൻസർ രോഗമാണെന്ന് ഉറപ്പ വരുത്തിയതിനു ശേഷമുള്ള (ഡയഗ്നോസ് ചെയ്ത) ചികിത്സയ്ക്ക് മാത്രമേ ധനസഹായം അനുവദിക്കുകയുള്ളൂ. ഈ ആനുകൂല്യം ലഭിക്കുന്നതിനായി ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളിലെ Radiotherapy/Oncology വിഭാഗത്തിൽ രോഗിയുടെ ബയോപ്സി/ റേഡിയോളജിക്കൽ ഇമേജിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.<br>3. കേരളത്തിലുള്ള കുട്ടികളായിരിക്കണം.<br>4. സംസ്ഥാനത്തെ കുടുംബ വാർഷിക വരുമാനം കുറഞ്ഞ കുട്ടികൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുക. അർഹതയുള്ള കുട്ടികളുടെ കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതി ആശുപത്രികളിൽ നിയമിച്ചിട്ടുള്ള കൗൺസിലർമാർ വിലയിരുത്തുന്നതാണ്.<br>5. ഒരു കുട്ടിയ്ക്ക് പരമാവധി 50,000/- രൂപ വരെയുള്ള ചികിത്സ സൗജന്യമായി ലഭിക്കുന്നതാണ്. ഇതിലും കൂടുതൽ തുക ചെലവാകുന്ന പക്ഷം ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ട്, റേഡിയോ തെറാപ്പി വിഭാഗത്തിന്റെ തലവൻ എന്നിവരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ചികിത്സാ സഹായം അനുവദിക്കുന്നതാണ്. ഇത്തരം കേസുകൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധൂകരണത്തിനായി വയ്ക്കേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**